# ചെമ്മനാട് ജമാഅത്ത്
# ഹയർസെക്കന്ററി സ്കൂൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ചെമ്മനാട് ജമാഅത്ത് ഹയർ സെക്കന്ററി സ്കൂൾ |
| വിലാസം | : | ചെമ്മനാട്, പി.ഒ. ചെമ്മനാട്,<br>പിൻ 671317 കാസർഗോഡ് ജില്ല |
| ഫോൺ | : | 1903723 7172 |
| സ്കൂൾ കോഡ് HS | : | 11047 |
| HSS | : | 14025 |
| വിദ്യാഭ്യാസ ഉപജില്ല | : | കാസർഗോഡ് |
| വിദ്യാഭ്യാസജില്ല | : | കാസർഗോഡ് |
| ബി.ആർ.സി | : | കാസർഗോഡ് |
| ഗ്രാമപഞ്ചായത്ത് | : | ചെമ്മനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | കാസർഗോഡ് |
| ജില്ലാ പഞ്ചായത്ത് | : | കാസർഗോഡ് |
| നിയമസഭാമണ്ഡലം | : | ഉദുമ |
| ലോകസഭാമണ്ഡലം | : | കാസർഗോഡ് |
| താലൂക്ക് | : | കാസർഗോഡ് |
| വില്ലേജ് | : | ചെമ്മനാട് |
| വാർഡ് | : | 1 |
| ഇ-മെയിൽ | : | 11047cjhss@gmail.com. |
| ബ്ലോഗ് | : | 11047cjhsschemnad. blogspot.in |

# ഹൈസ്കൂൾ സ്റ്റാഫ് പാറ്റേൺ

| | | |
|---|---|---|
| പ്രധാനാധ്യാപകൻ | : | 1 |
| മലയാളം | : | 3 |
| അറബി | : | 4 |
| ഉറുദു | : | 1 |
| ഇംഗ്ലീഷ് | : | 6 |
| ഹിന്ദി | : | 3 |
| സാമൂഹ്യശാസ്ത്രം | : | 6 |
| ഭൗതികശാസ്ത്രം | : | 5 |
| ജീവശാസ്ത്രം | : | 3 |
| ഗണിതശാസ്ത്രം | : | 6 |
| കലാപഠനം | : | 1 |
| തൊഴിൽ ഉദ്ഗ്രഥിത പഠനം | : | 1 |
| ആരോഗ്യ കായിക വിദ്യാഭ്യാസം | : | 1 |
| ക്ലാർക്ക് | : | 1 |
| പ്യൂൺ | : | 2 |
| FTM | : | 2 |

# മികവുകൾ ഒറ്റനോട്ടത്തിൽ

- വൃത്തിയുള്ള കെട്ടിടങ്ങളും ക്ലാസ് മുറികളും
- ശുചിത്വമുള്ള ശൗചാലയങ്ങൾ
- യാത്രാസൗകര്യത്തിന് സ്കൂൾ ബസ്സുകൾ (മാനേജ്മെന്റ് പി.ടി.എ സ്റ്റാഫ്)
- മാനേജ്മെന്റിന്റെ സഹകരണത്തോടെ നിർമ്മിച്ച ഭക്ഷണശാല
- പി.ടി.എ സഹായത്താൽ നിർമ്മിച്ച കുടിവെള്ള സംവിധാനം
- ചുറ്റുമതിലോടുകൂടിയ ക്യാമ്പസ്
- എല്ലാ വർഷവും സംസ്ഥാന ശരാശരിക്കു മുകളിൽ വരുന്ന എസ്.എസ്.എൽ.സി. പ്ലസ് ടൂ റിസൾട്ടുകൾ
- വിവിധ വർഷങ്ങളിൽ സംസ്ഥാന തലത്തിൽ ഐടി മേളയിൽ എച്ച്.എസ്. രണ്ട്, മൂന്ന്, നാല് സ്ഥാനക്കാരായിരുന്നു നമ്മുടെ വിദ്യാലയം
- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്ഥാനതലത്തിൽ മികച്ച നേട്ടം
- റവന്യൂ ജില്ലാ തലത്തിൽ കലോത്സവങ്ങളിലും വിവിധ മേഖലകളിലും ചാമ്പ്യൻ പട്ടം നേടാനും റണ്ണറപ്പാകാനും കഴിഞ്ഞു.
- സബ്ജില്ലാ തലത്തിൽ വിവിധ ഗെയിംസ് മത്സരങ്ങളിൽ ചാമ്പ്യന്മാർ
- വിവിധ ഗെയിംസ് മത്സരങ്ങളിൽ ജില്ല സംസ്ഥാന ടീമുകളിൽ പ്രാതിനിധ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്
- 2011-12 ൽ മികച്ച പി.ടി.എ ക്കുള്ള അംഗീകാരം നേടി
- തടയണ നിർമാണം, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കൽ, പുഴ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മികവ് തെളിയിച്ച എൻ.എസ്.എസ്. യൂണിറ്റ്
- മികച്ച എൻ.സി.സി, എസ്.പി.സി. സ്കൗട്ട് ആന്റ് ഗൈഡ്സ്, ജെ.ആർ.സി. അസാപ്പ് യൂണിറ്റുകൾ
- എൻ.സി.സി, എസ്.പി.സി യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ടെറസ്സിൽ 500 ഗ്രോബാഗുകളിലായി പച്ചക്കറി കൃഷി നടത്തി
- വിവിധ വർഷങ്ങളിലായി വയോജന മന്ദിരം, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയ്ക്കായി വിദ്യാരംഗം, എസ്.പി.സി, ജെ.ആർ.സി, സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റുകളുടെ സാന്ത്വന സഹായങ്ങൾ
- ശ്രീ. പി. കരുണാകരൻ എംപിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ലഭിച്ച അഞ്ച് ലക്ഷം രൂപ ഉപയോഗിച്ച് സ്മാർട്ട് ക്ലാസ് റൂം
- നിർധനരായ എല്ലാ വിദ്യാർഥികൾക്കും മാനേജ്മെന്റ് വക യൂണിഫോമും പഠ നോപകരണങ്ങളും നൽകിവരുന്നു
- കഴിഞ്ഞ വർഷം സംസ്ഥാന സാമൂഹ്യശാസ്ത്രമേളയിൽ 1-ാം സ്ഥാനം നേടി.
- നമ്മുടെ വിദ്യാലയത്തിൽ പഠിച്ച വിദ്യാർത്ഥി മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഒന്നാം റാങ്ക് നേടി.
- കഴിഞ്ഞവർഷം ചൂരിയിൽ ഒരു 'സ്നേഹ ഭവനം' നിർമ്മിച്ചു നൽകി.

# ലക്ഷ്യങ്ങൾ

1. ഓരോ കുട്ടിയും അതത് ക്ലാസുകളിൽ നേടിയിരിക്കേണ്ട ധാരണകളും ശേഷികളും കൈവരിക്കൽ.

2. പഠനപ്രക്രിയയിൽ താത്പര്യം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

3. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനവും പരിശീലനവും കാര്യക്ഷമമാക്കൽ.

4. എസ്.എസ്.എൽസി, പ്ലസ് തുടങ്ങിയ പൊതു പരീക്ഷകളിൽ റിസൽടിന്റെ അളവും ഗുണനിലവാരവും വർദ്ധിപ്പിക്കൽ.

5. കുട്ടികളുടെ സവിശേഷ കഴിവുകൾ കണ്ടെത്തി പോത്സാഹിപ്പിക്കൽ.

6. ഉപരി പഠനവുമായി ബന്ധപ്പെട്ട വിവിധ എൻട്രൻസ് പരീക്ഷകൾ, തൊഴിൽ സമ്പാദനവുമായി ബന്ധപ്പെട്ട പരീക്ഷകൾ എന്നിവയിൽ ഉന്നത വിജയം കൈവരിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ, പരിശീലിപ്പിക്കൽ.

7. കലാ കായിക പ്രവൃത്തിപരിചയ പഠനം, പരിശീലനം ഊർജിതമാക്കൽ.

8. ബാങ്കിംഗ്, വിവിധ ഓഫീസുകൾ എന്നിവിടങ്ങളിലെ ക്രയവിക്രയ രീതികൾ പരിചയപ്പെടൽ.

9. മികച്ച ശാരീരിക, മാനസിക, വൈകാരിക ആരോഗ്യത്തോടുകൂടിയുള്ള വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

10 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്കു ഉയർത്തൽ.

11. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭരണകാര്യനിർവഹണവും പരിശോധനയും കാര്യക്ഷമമാക്കൻ.

12. കുട്ടികളിൽ സാമൂഹ്യനീതി, ലിംഗസമത്വം എന്നിവയിലധിഷ്ഠിതമായ ജനാധിപത്യപരമായ കാഴ്ചപ്പാട് ഉണ്ടാക്കൽ.

13. ഹരിത പെരുമാറ്റ ചട്ടത്തിന് അനുസൃതമായി വിദ്യാലയാന്തരീക്ഷം ക്രമീകരിക്കൽ.

14 പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തവും സഹക രണവും ഉറപ്പാക്കൽ.

# പ്രവർത്തനങ്ങൾ

## സാമൂഹികം

- ഗൃഹസന്ദർശനവും ബോധവൽക്കരണ ക്ലാസുകളും.
- വിദ്യാലയ വികസന സമിതി യോഗങ്ങൾ.
- കരിയർ ഗൈഡൻസ് ക്ലാസുകൾ  രക്ഷിതാക്കൾക്കും കുട്ടികൾക്കും.
- കൗൺസിലിംഗ് ക്ലാസുകൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും.
- സന്നദ്ധസംഘടനകളുടെ ക്യാമ്പുകൾ – സന്നദ്ധപ്രവർത്തനങ്ങൾ സാന്ത്വനപരിചരണ സയാഹ പ്രവർത്തനങ്ങൾ.
- വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ശിൽപശാലകൾ സംവാദങ്ങൾ.
- സാമൂഹികപ്രസക്തിയുള്ള സിനിമകൾ, നാടകങ്ങൾ മറ്റു കലാരൂപങ്ങൾ ഇവയുടെ പ്രദർശനം.
- നാട്ടറിവുകൾ ശേഖരിക്കലും പങ്കുവെക്കലും.

# വിദ്യാരംഗം ദിനാചരണങ്ങൾ 2025–26

1. ജൂൺ – 19 വായനദിനം
   ചാർട്ട് നിർമ്മാണ മത്സരം
   പി.എൻ. പണിക്കർ അനുസ്മരണ പ്രഭാഷണം
   പുസ്തക പരിചയം
   വായനദിന ക്വിസ്

2. ജൂലൈ – 5 ബഷീർ ദിനം
   ബഷീർ കഥാപാത്രങ്ങൾ വര
   കഥാപാത്രങ്ങളെ തിരിച്ചറിയാം സമ്മാനം നേടാം
   ബഷീറിനെ അറിയാം ക്വിസ്
   അനുസ്മരണ പ്രഭാഷണം

3. സെപ്തംബർ 5 അധ്യാകദിനം
   മുതിർന്ന അധ്യാപകരെ ആദരിക്കൽ
   ലേഖനമത്സരം –നിങ്ങളുടെ സങ്കല്പത്തിലെ അധ്യാപകർ

4. നവംബർ – 1 കേരളപ്പിറവി
   കേരളത്തെ പാടിപുകഴ്ത്തുന്ന കവിതാവിഷ്ക്കാരം
   പ്രഭാഷണം

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**പേര് : രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ**
**മേഖല : ഹിന്ദി ഭാഷാപഠനം**

**വിഷയം : ഹിന്ദി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | * അക്ഷരമാല അടങ്ങിയ കാർഡുകൾ നൽകുന്നു<br>* ഓഡിയോ-വിഷ്വൽ സഹായത്തോടെ ഉച്ചാരണം പഠിപ്പിക്കുന്നു | ജൂൺ - ജൂലൈ | All Hindi teachers | |
| * ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>* ഹിന്ദി ക്ലബ് രൂപീകരണം | * ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ സിനിമാ പ്രദർശനം<br>(8-ാം ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി) | ജൂലൈ-ആഗസ്റ്റ് | All Hindi teachers | 15,000/- |
| പ്രേംചന്ദ് ജയന്തി (ജൂലൈ 31) | * ഹിന്ദിക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂലൈ 31ന് പ്രേംചന്ദ് ജയന്തി/ ചാർട്ട്, പ്രേംചന്ദ് കവിയെകുറിച്ചുള്ള പരിചയപ്പെടുത്തൽ | ജൂലൈ | Hindi Club teacher | |
| ഹിന്ദി വാരാചരണം (സെപ്തംബർ 14) | ഹിന്ദി വാരാചരണത്തിന്റെ ഭാഗമായി<br>* ഹിന്ദി അസംബ്ലി സംഘടിപ്പിക്കൽ<br>* മാഗസിൻ പ്രദർശനം<br>* ഹിന്ദി കവിതാലാപനം<br>* ഹിന്ദി പ്രസംഗം<br>* പോസ്റ്റർ രചന | സെപ്തംബർ | All Hindi teachers | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**പേര് : രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ**
**മേഖല : ഹിന്ദി ഭാഷാപഠനം**

**വിഷയം : ഹിന്ദി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി വികസനം | സ്കൂൾതല റേഡിയോ സ്റ്റേഷനിൽ ഹിന്ദി വാർത്താവതരണം | 1 വർഷം | Aldl Hindi teachers | |
| ഹിന്ദി ക്ലബ് പിരിച്ചുവിടൽ | 9-ാം ക്ലാസിലെ പാഠഭാഗം<br>ഫുട്ബോൾ ഇതിഹാസം പെലെയെകുറിച്ചുള്ള പ്രദർശനം | ഒക്ടോബർ-നവംബർ | All Hindi teachers | |
| | കുട്ടികളിൽ നിന്നുള്ള നല്ല പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകികൊണ്ട് യോഗ്മായ സമ്മാനം നൽകുന്നു. | ജനുവരി-ഫെബ്രുവരി | All Hindi teachers | 10,000/- |

# ഹിന്ദി ക്ലബ്ബ് രൂപീകരണം

| | | |
|---|---|---|
| ക്ലബ്ബ് രൂപീകരണം | - | 25.06.2025 |
| ക്ലബ്ബ് ഉദ്ഘാടനം | - | 14.7.2025 |

**തീയതി**

**ജൂലൈ 31** - **പ്രേംചന്ദ് ജയന്തി**

* ഓൺലൈൻ ക്വിസ്
* സിനിമ പ്രദർശനം
* പ്രേംചന്ദ് ക്വിസ്
* ഫിലിം ഫെസ്റ്റിവൽ

**സെപ്റ്റംബർ 14** - **ഹിന്ദി ഡേ**

* അസംബ്ലി
* റേഡിയോ പ്രോഗ്രാം
* ഹിന്ദി ഒരാഴ്ചത്തെ പക്ഷാചരണം

**സെപ്റ്റംബർ 5** - **അധ്യാപക ദിനം**

* അധ്യാപകരെ ആദരിക്കൽ

**ആഗസ്റ്റ് 15** - **ഹിന്ദി ദേശഭക്തിഗാനം**

* പ്രസംഗം

**ഒക്ടോബർ 2** - **ഗാന്ധിജയന്തി**

* പ്രസംഗം
* ചാർട്ട് വരയ്ക്കൽ മത്സരം

**ഒക്ടോബർ 15** - **വിദ്യാർത്ഥി ദിനം**

* ക്വിസ്
* ചിത്രം വരയ്ക്കൽ

നവംബർ -

**ഡിസംബർ 14** - **ഊർജ്ജ സംരക്ഷണ ദിനം**

* ചിത്രരചനാ മത്സരം
* എസ്.എ. മത്സരം

**ജനുവരി 26** - **റിപ്പബ്ലിക് ദിനം**

* പ്രസംഗമത്സരം
* ചിത്രരചനാ മത്സരം
* ചാർട്ട് പ്രദർശനം

**ഫെബ്രുവരി** - **അന്തർദേശിയ മാതൃഭാഷ ദിനം**

* ക്വിസ്
* രചനാ മത്സരങ്ങൾ

അക്കാദമിക് മാസ്റ്റർ പ്ലാൻ **വിഷയം : മലയാളം**

പേര് :

മേഖല : ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരകാർഡ് നൽകൽ, വാക്കുകൾ നിർമ്മിക്കുക. വാക്യങ്ങൾ നിർമ്മിക്കുക. ചിത്രം – കഥ പറയൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം ആഗസ്റ്റ് സെപ്തംബർ | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | പത്രവായന, വായനാനുഭവം ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും, വായനാക്കുറിപ്പ്, പതിപ്പ്, ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും, ആസ്വാദ്യകരമായ വായന, ഈ– വായന | 6 മാസം | ക്ലാസ് ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീ കരണങ്ങൾ | പി.ടി.എ. അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപികരണം പുസ്തകചർച്ച്, വ്യക്തിഗത രചന, സംഘരചന, സാഹിത്യകാരൻമാരുമായുള്ള അഭിമുഖം, സംവാദം | 6 മാസം ജൂലൈ ഡിസംബർ | ലൈബ്രറി പുസ്തകങ്ങൾ | പി.ടി.എ. അധ്യാപകർ |
| 4. മൂല്യബോധ മുള്ള തലമുറയെ വാർത്തെടുക്കൽ | മൂല്യബോധമുണർത്താനുള്ള പ്രവർത്തനം. മൂല്യബോധം ഉണർത്തുന്ന കഥകൾ, കവിതകൾ. ജീവചരിത്രങ്ങൾ ഇവയുടെ അവതരണം, ഷോർട്ട് ഫിലിം പ്രദർശനം | ആദ്യ രണ്ട് ടേമുകൾ | ലൈബ്രറി | വിദ്യാരംഗം |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**പേര് :**
**മേഖല : ഹൈസ്കൂൾ മലയാളം**

**വിഷയം : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 5. പാർശ്വവൽക്കരി ക്കപ്പെട്ടവർ പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവരെ സഹായിക്കൽ | വൃദ്ധസദനം സന്ദർശനം, രോഗബാധിതരായ കുട്ടികളെയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും സഹായിക്കൽ മറ്റുള്ളവരോടൊപ്പം ചേർന്ന് പ്രവർത്തിക്കാനുള്ള അവസരം ഒരുക്കൽ | രണ്ടാം ടേമ് | | വിദ്യാരംഗം |
| 6. പ്രഗത്ഭരായ എഴുത്തുകാരെ പരിചയപ്പെടുക | വിവിധ ദിനാചരണങ്ങൾ<br>ജൂലൈ -5 ബഷീർ അനുസ്മരണം<br>ജൂൺ - 19 വായനദിനം | ജൂൺ ജൂലൈ | ലൈബ്രറി | വിദ്യാരംഗം |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**പേര് :**
**മേഖല : അറബിക്**

**വിഷയം : അറബിക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബിക് ബ്രിഡ്ജ് കോഴ്സ് കൊടുക്കാൻ തീരുമാനിച്ചു | അറബിക്ക് അക്ഷരമാല വ്യത്യസ്ഥ രൂപത്തിൽ ആകർഷണീയമായ ചിത്രങ്ങളിലൂടെയും, എ4 പേപ്പറിൽ കുട്ടികളെകൊണ്ട് തന്നെ വരയ്ക്കാൻ കൊടുക്കുന്നു. അസ്സൈൻമെന്റ് രൂപത്തിൽ തയ്യാറാക്കി കുട്ടികൾ അധ്യാപകരെ ഏൽപ്പിക്കുന്നു. | ജൂൺ ആദ്യവാരം | | |
| വായനാ ലോകം കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ നല്ല വായനക്കാരാക്കുക | തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബി ലൈബ്രറി) പുസ്തകങ്ങൾ<br>* ചിത്രകഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* ചെറിയ വിവിരണ ബുക്കുക്കൾ (അറബിക്ക്) | 6 മാസം ജൂൺ മുതൽ നവംബർ വരെ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | |
| ദിവസവും ക്വിസ് ചോദ്യങ്ങൾ | അറബിക് പഴഞ്ചൊല്ലുകൾ കുട്ടികൾക്ക് ദിവസവും ഓരോ അറബിക് ക്വിസ്സ് ചോദ്യങ്ങൾ ക്ലാസ്സിൽ പരിചയപ്പെടുത്തുകയും നോട്ട് ബുക്കുകളിൽ അത് പകർത്താൻ ആവശ്യപ്പെടുകയും ചെയ്യുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ക്ലാസ് മുറി | അധ്യാപകൻ |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**പേര് :**
**മേഖല : അറബിക്**

**വിഷയം : അറബിക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| എഴുത്ത് | ക്ലാസ്സ് വായന<br>പാഠ പുസ്തകങ്ങളിലുള്ള ഓരോ യൂണിറ്റ് Base ചെയ്ത് അതിലുള്ള Contant കൾ കുട്ടികളെ വായിപ്പിക്കുകയും വായനയെ കൂടുതലായി കുട്ടികളിലേക്ക് എത്തിക്കുന്നു.<br>* ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു<br>* ഓരോ ക്ലാസ്സിലും അറബിയിൽ തന്നെ കഥയും കവിതയും ഉൾകൊള്ളിച്ച് ക്ലാസ്സ് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച് ക്ലാസ്സിനെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുന്നു. | സെപ്തംബർ<br>നവംബർ | | |
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബിക് സാഹിത്യോത്സവത്തിലെ മുഴുവന്ഡ ഇനങ്ങളും ഓരോ ആഴ്ചതോറും മത്സരങ്ങൾ നടത്തി പ്രതിഭകളെ കണ്ടെത്തുന്നു. | ജൂൺ<br>മുതൽ<br>ആഗസ്റ്റ് | സ്റ്റേജ്<br>സൗണ്ട്<br>ബോക്സ് | |
| ദിനാചരങ്ങൾ<br><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കുന്നു. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | വർഷം<br>മുഴുവനും | ചാർട്ട് ചുമർ<br>പത്രം<br>പോസ്റ്റർ | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**പേര് :**
**മേഖല : അറബിക്**

**വിഷയം : അറബിക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബി ഭാഷാ ലാബ് | തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | | ക്ലാസ് റൂം പ്രൊജക്ടർ | അധ്യാപകർ |
| അറബിക് ഫെസ്റ്റ് | ലോക അറബിഭാഷാദിനം ആചരിക്കുന്നു. | ഡിസംബർ | സ്കൂൾ അസംബ്ലി | അധ്യാപകർ |
| അറബിഭാഷ യെകുറിച്ച് കൂടുതലറിയാൻ | 8.9.10 ക്ലാസിലെ മൊത്തം അറബി പഠിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് ഒരു സംയുക്ത മാഗസിൻ നിർമ്മാണവും<br><br>അറബിക് അസംബ്ലിവെച്ച് മാഗസിൻ പ്രകാശനവും നടത്തുന്നു.<br><br>അറബിക് പത്രവായന സ്കൂൾ റേഡിയോവിലൂടെ കുട്ടികൾക്ക് കേൾപ്പിക്കൽ<br>ഒരു മാസത്തിലെ രണ്ടാമത്തെ ബുധനാഴ്ച അറബി ഭാഷയിൽ പത്രത്തിലെ പ്രധാന ഏരിയ തിരഞ്ഞെടുത്ത സ്കൂൾ റേഡിയോയിലൂടെ കുട്ടികളെ കേൾപ്പിക്കൽ | ഡിസംബർ<br><br>ജൂൺ മുതൽ വർഷാ വസാനം വരെ | സ്കൂൾ റേഡിയോ | അധ്യാപകർ |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

**വിഷയം : ഉർദു**

**പേര് :**

**മേഖല : ഹൈസ്കൂൾ ഉർദു**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|
| 1. ഉർദു ഭാഷ പഠിക്കുന്ന എല്ലാ കുട്ടികൾക്കും 10-ാം തരം കഴിയുമ്പോഴേക്കും ഉർദു വായിക്കുവാനും എഴുതുവാനും അത്യാവശ്യം സാഹിത്യ രചന നടത്താനുമുള്ള ശേഷി ഉണ്ടാക്കുകയും എസ്.എസ്.എൽ. സി. പരീക്ഷയിൽ എ പ്ലസ് ഗ്രേഡ് ലഭിക്കും വിധം ഉയർന്നനിലവാരത്തിലേക്ക് എത്തിക്കുകയും അവരിൽ ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുകയും ചെയ്യുക. വിവിധ ദിനാചരണങ്ങളിലൂടെ കുട്ടികളുടെ ഭാഷാപരമായ ശേഷികൾ വളർത്തുകയും അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുകയും ചെയ്യുക. | വായനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, പത്രങ്ങൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | SRG ഉറുദു ക്ലബ്ബ് | 1000 |
| | **കയ്യെഴുത്ത് മാഗസിൻ**<br>രചന ശേഷി വളർത്തൽ ഭംഗിയുള്ള കയ്യെഴുത്ത് കുട്ടികളുടെ സർഗ്ഗാത്മകത വളർത്തൽ. | വർഷം ഒന്ന് | | 500 |
| | **ഉർദു പത്രം**<br>ക്ലാസ്തല വാർത്തകൾ വിദ്യാലയ വാർത്തകൾ ഉൾപ്പെടുത്ത പത്രം തയ്യാറാക്കൽ. | ഒരു ടേമിൽ ഒന്നു വീതം | | 500 |
| | **ഗസൽ മെഹ്ഫിൽ**<br>ഉർദു ഗസലിനെയും സംഗീതത്തേയും അടുത്തറിയൽ, സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തൽ | ആഗസ്റ്റ് 30 മുഹമ്മദ് റഫി ദിനം | ഉറുദു ക്ലബ്ബ് | 500 |
| | **നാടകം**<br>കുട്ടികളിൽ അഭിനയ കഴിവും അവതരണ ശേഷിയും പരിപോഷിപ്പിക്കുംവിധം നാടകങ്ങൾ തയ്യാറാക്കൽ. | വിവിധ സന്ദർഭങ്ങളിൽ | | 1000 |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം : ഉർദു**
**പേര് :**
**മേഖല : ഹൈസ്കൂൾ ഉർദു**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|
| | ടാലന്റ് മീറ്റ്<br>ഭാഷാ സെമിനാർ | നവംബർ 9 | SRG<br>ഉറുദു ക്ലബ്ബ് | 5000 |
| | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | വർഷം ഒന്ന് | SRG | 2000 |
| | **അഭിമുഖ സംഭാഷണം**<br>ഉർദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും സംഭാഷണം നടത്തുക. | വർഷം ഒന്ന് | | 1000 |
| | **ദിനാചരണങ്ങൾ**<br>വിവിധ ദിനാചരണങ്ങൾ സംഘ ടിപ്പിക്കൽ | അതാത് ദിനാചരണ ങ്ങളിൽ | | 500 |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം :**

**പേര് :**

**മേഖല : ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| 1. കൃഷി മുഴുവൻ കുട്ടികളേയും പഠനാനുഭവങ്ങ ളുടെ ഭാഗമാ ക്കൽ. | * വിവിധതരം പുഷ്പകൃഷിരീ തികളെ പരിചയപ്പെടുത്തൽ<br>* വിവിധതരം പുഷ്പാലങ്കാര രീതി<br>ബൊക്കെ നിർമ്മാണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | WIE<br>അധ്യാപിക | |
| 2. ഭക്ഷ്യവ്യവ സായം, വിവിധ തരം ഭക്ഷണപ ദാർത്ഥങ്ങൾ, പാനിയങ്ങൾ നിർമ്മിക്കുന്ന തിന് പരിശീല നം. | വിവിധതരം സ്ക്വാഷ്, ലഘുപാ നിയങ്ങൾ, കേക്ക് നിർമ്മാണം മുതലായവ പറഞ്ഞുകൊടു ക്കുന്നു. | ആഗസ്റ്റ് മുതൽ ഫെബ്രുവരി | WIE<br>അധ്യാപിക | |
| 3. കർക്കിടക ഭക്ഷ്യ മേള | ചെലവ് കുറഞ്ഞ പോഷകാ ഹാര നിർമ്മാണം എക്സിബി ഷൻ. | ജൂലൈ–23 | HM<br>PTA<br>MPTA<br>അധ്യാപകൻ | |
| 4. ഹിരോഷിമാ ദിനം | സഡാക്കോ കൊക്ക് നിർമ്മാണം | ആഗസ്റ്റ് –6 | WIE<br>അധ്യാപിക | |
| 5. പ്രവൃത്തി പരി ചയ മേള | സ്കൂൾതല പ്രവൃത്തി പരിചയ മേളയിൽ തെരഞ്ഞെടുത്തവർക്ക് ഒഴിവുദിന പ്രവൃത്തി പരിചയ പരിശീലനം നൽകുന്നു. | സെപ്റ്റംബർ ഒക്ടോബർ അവധി ദിവസം | | 40,000/- |
| 6 പ്രവൃത്തി പരി ചയ മേള | ഉപജില്ല, ജില്ല, സംസ്ഥാന പ്രവൃത്തി പരിചയ മേളയ്ക്ക് കുട്ടികളെ തയ്യാറാക്കുന്നു. | ദിവസങ്ങൾ | | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം : ഗണിതം**

**പേര് :**

**മേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ | 8–ാം ക്ലാസ്സിൽ പുതുതായി പ്രവേശനം നേടിയ കുട്ടികളിൽ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി 7ലെയും 8ലെയും പാഠഭാഗങ്ങളെ അധികരിച്ച് ഒരു പരീക്ഷ നടത്തി കുട്ടകളെ കണ്ടെത്തുന്നു. | ജൂലൈ ആദ്യവാരം (1 ആഴ്ച) | 81-10 തരം ഗണിതാധ്യാപകർ | - |
| 2. ഗണിത ശാസ്ത്ര മേളയ്ക്ക് കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കൽ | മേളയിലെ വിവിധ മത്സര ഇനങ്ങളെ ഉദാഹരണ സഹിതം പരിചയപ്പെടുത്തൽ- താൽപര്യമുള്ളവരെ കണ്ടെത്തൽ | 1 ദിവസം | മാത്സ് ടീച്ചേഴ്സ് | - |
| 3. എല്ലാ കുട്ടികൾക്കും പങ്കാളിത്തം ലഭിക്കുന്ന രീതിയിൽ ഒരു പ്രവർത്തനം | ഓണാഘോഷത്തിന്റെ ഭാഗമായി ക്ലാസ്/ഡിവിഷൻ അടിസ്ഥാനത്തിൽ പൂക്കള മത്സരം നടത്തുന്നു. | 1 ദിവസം | എല്ലാ ടീച്ചർമാരും | Prizes PTA |
| 4. ഗണിത ക്വിസിൽ താൽപര്യുള്ള കുട്ടികളുടെ ടീം രൂപീകരിക്കൽ | സ്കൂൾതല ഗണിത ക്വിസ് മത്സരം നടത്തി നല്ല പ്രകടനം കാഴ്ചവെക്കുന്ന കുട്ടികളെ കണ്ടെത്തി ടീം രൂപീകരിക്കുന്നു. | 1 ദിവസം | മാത്സ് ടീച്ചേഴ്സ് | - |
| 5. ഗണിതശാസ്ത്രത്തിലുള്ള താൽപര്യം ഉണ്ടാക്കലും പ്രോത്സാഹിപ്പിക്കലും. | വിദഗ്ദരായ അധ്യാപകരുടെ സഹായത്തോടെ ഒരു ശില്പശാല സംഘടിപ്പിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ, പസിലുകൾ, കുട്ടികളുടെ സംശയ നിവാരണം. | 1 ദിവസം | മാത്സ് ടീച്ചേഴ്സ് | PTA |
| 6. ഗണിത അസംബ്ലി | ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ദിവസം അസംബ്ലി നടത്തുന്നു. ഗണിതപ്രധാനമായ കാര്യങ്ങൾ അവതരിപ്പിക്കുന്നു. | 40 മിനിട്ട് | മാത്സ് ക്ലബ്ബ് | - |

അക്കാദമിക് മാസ്റ്റർ പ്ലാൻ                                    വിഷയം : ഇംഗ്ലീഷ്
പേര് :
മേഖല :

| AIM | ACTIVITIES | INCHARGE | TIME | ECONOMY |
|---|---|---|---|---|
| Make the learners better use of English language | Formation and inaguration of the english club | All English Teachers | June | |
| Enhance the listening, speeking, reading and writting, abilities of the leaners | * English news reading<br>* Film Fest<br>* English Assembly<br>* Script creating competition | ”<br>”<br>”<br>” | July | - |
| To enhance the creative ability of the learners. | * Story telling competition | ” | August September | |
| To improve the vocavulary and thus create a better result for the final examination | * To give special attention to the slow learners and make them apt to attend the exam easily.<br><br>* To reinforce the above average students to focus on their weaker section by giving special attention | ”<br><br>” | June to February<br><br>June to February | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം : ജീവശാസ്ത്രം**

**പേര് :**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 1. ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും. | - സയൻസ് ക്ലബ്ബ് രൂപീകരണം, വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>- സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം | ജൂൺ-ജുലായ് | ശാസ്ത്രാധ്യാപകർ | SRG |
| 2. അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം. | - ഫീൽഡ് ട്രിപ്പ്<br>- വീട്ടിൽ ഒരു അടുക്കള തോട്ട നിർമ്മാണം<br>- വിവിധ കാർഷിക ഇനങ്ങളുടെ നാടൻ വിഭവങ്ങളുടെ വിത്ത് ശേഖരണവും പ്രദർശനവും. | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | SRG |
| 3. മാലിന്യ മുക്ത- ആരോഗ്യ-ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | - പരിസര ശുചീകരണവും ശുചിത്വ ബോധവൽക്കരണവും.<br>- ജീവിതശൈലീ രോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം/ ക്ലാസ്സ്.<br>- ശുചിത്വ ബോധവൽക്കരണവുമായി ബന്ധപ്പെട്ട കൊളാഷ്/ പോസ്റ്റർ.<br>- ലഹരി നിർമ്മാർജ്ജനം.<br>- പ്ലാസ്റ്റിക് മുക്ത ക്യാമ്പസ്.<br>- പരിസര ശുചിത്വവും രോഗങ്ങളും.<br>- പതിപ്പ് നിർമ്മാണം.<br>- ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ.<br>- | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | SRG |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം : ജീവശാസ്ത്രം**

**പേര് :**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 4. ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രോഭിരുചി വളർത്താനും | - സ്കൂൾ ശാസ്ത്രമേള<br>- ശാസ്ത്ര ക്വിസ്<br>- ശാസ്ത്രമാസിക/ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | SRG |
| 5. ശാസ്ത്രപഠനം രസകരമാക്കാനും ശാസ്ത്രതൽപരതയുണർത്താനും | - ....................... യുള്ള ആസൂത്രണത്തോടെ ചെയ്യുക.<br>- ശാസ്ത്ര പതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കുക.<br>- ശാസ്ത്ര ലോകത്തെ വിസ്മയങ്ങളും പുത്തൻ അറിവുകളും ഉൾപ്പെടുത്തി മാസിക/പത്രം തയ്യാറാക്കൽ<br>- ശാസ്ത്ര പഠന യാത്രകൾ<br>- നാട്ടുപൂക്കളുടെ ശേഖരണവും പ്രദർശനവും | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | SRG |
| 6. ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | - സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | SRG |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം : സാമൂഹ്യ ശാസ്ത്രം**

**പേര് :**

**മേഖല : അക്കാദമികം**

- വിദ്യാർത്ഥികളിൽ സാമൂഹിക വിഷയങ്ങളിൽ അവബോധം വളർത്തുക.
- വിമർശനാത്മകമായ ചിന്തകളെ പ്രോത്സാഹിപ്പിക്കുക.
- ചരിത്രപരമായ സംഭവങ്ങളെക്കുറിച്ച് പഠിപ്പിക്കുക.
- ദേശീയബോധവും പൗരബോധവും വളർത്തുക.
- സാമൂഹ്യശാസ്ത്ര വിഷയങ്ങളിലുള്ള അവഗാഹം
- വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരങ്ങൾ നൽകുക.

| ദിനങ്ങൾ | പ്രവർത്തനങ്ങൾ | വിഷയം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| **ജൂലൈ 1** | ക്വിസ് മത്സരം | വൈദേശിക ആധിപത്യവും കേരളത്തിന്റെ ചെറുത്തുനിൽപ്പും. | ചരിത്രപരമായ അറിവു നേടൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |
| **ജൂലൈ 11** | സംവാദം | ലോകജനസംഖ്യാ ദിനം - ജനസംഖ്യാ വളർച്ച സുസ്ഥര വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നുവോ? | സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം നൽകൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |
| **ജൂലൈ അവസാനം** | മലയാളം വാർത്താ വായന മത്സരം | | ഭാഷാപരമായ കഴിവുകൾ പ്രോത്സാഹിപ്പികൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |
| **ആഗസ്റ്റ് 6. 9** | യുദ്ധവിരുദ്ധ സ്കിറ്റ് | ഹിരോഷിമ, നാഗസാക്കി ദിനം | യുദ്ധത്തിന്റെ ഭീകരതയെക്കുറിച്ച് അവബോധം നൽകൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |

| ദിനങ്ങൾ | പ്രവർത്തനങ്ങൾ | വിഷയം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| **ആഗസ്റ്റ് 15** | സ്വാതന്ത്ര്യദിന പരിപാടികൾ<br>1. സ്വാതന്ത്ര്യ സമര ഗീതങ്ങളുടെ സമാഹരണം (8-ാം ക്ലാസ്സ്)<br>2. പ്രസംഗമത്സരം | സ്വാതന്ത്ര്യദിനം | * ദേശീയബോധം വളർത്തൽ<br>* സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ഓർമ്മപ്പെടുത്തൽ<br>* സാമൂഹ്യ ശാസ്ത്ര വിഷയത്തിലുള്ള കുട്ടികളുടെ അവഗാഹം വളർത്തുന്നതിന് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |
| **ഒക്ടോബർ 2** | ഗാന്ധിജിക്ക് ഒരു കത്ത് | വർത്തമാനകാലത്തിൽ ഗാന്ധിയ നാശയങ്ങളുടെ പ്രസക്തി | ഗാന്ധിജിയുടെ ജീവിതത്തെയും ചിന്തകളെയും കുറിച്ച് മനസ്സിലാക്കൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |
| **ഒക്ടോബർ അവസാനം** | സ്കൂൾതല സാമൂഹ്യ ശാസ്ത്ര മേള | സാമൂഹ്യശാസ്ത്ര വിഷയങ്ങൾ | സാമൂഹ്യ അവബോധം വളർത്തൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |
| **നവംബർ 26** | അസംബ്ലി | ഭരണഘടന ദിനം | ഭരണഘടനയുടെ പ്രാധാന്യം അറിയിക്കുക. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |
| **ജനുവരി 26** | | റിപ്പബ്ലിക് ദിനം | ദേശഭക്തി വളർത്തൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് SRG |

| ദിനങ്ങൾ | പ്രവർത്തനങ്ങൾ | വിഷയം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| **വർഷം മുഴുവൻ** | ദേശഭക്തിഗാന മത്സരം | ഹൈസ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്ക് സാമൂഹ്യശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് ദിശാബോധം നൽകൽ. പാഠഭാഗങ്ങൾ സമയബന്ധിതമായി പഠിപ്പിക്കുക, യൂണിറ്റ് ടെസ്റ്റുകൾ നടത്തുക, കൃത്യമായ വിലയിരുത്തലുകൾ നടത്തുക. പഠനത്തിൽ മെച്ചമുണ്ടാക്കുക. | | |

# വിഷയം : ആരോഗ്യ- കായികവിദ്യാഭ്യാസം

വിദ്യാഭ്യാസവും ആരോഗ്യ-കായിക വിദ്യാഭ്യാസവും രണ്ടല്ല ഒന്നാണ്. സ്കൂൾ പാഠ്യപദ്ധതിയിലെ ഒരു നിർബന്ധിത പാഠ്യവിഷയമാണ് ആരോഗ്യകായിക വിദ്യഭ്യാസം. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് ഉചിതമായ പ്രാധാന്യം നൽകാത്ത വിദ്യാഭ്യാസ പ്രക്രിയ അപൂർണ്ണമാണ്. പി.ടി യിൽ നിന്നും ആരോഗ്യ-കായിക വിദ്യാഭ്യാസത്തിലേക്കു പരിവർത്തനം സംഭവിക്കുമ്പോൾ P.T&P.E.Tയുടെ വ്യത്യാസം നിർബന്ധമായും നാം അറിഞ്ഞിരിക്കണം P.T&P.E.T പിരീഡ്, ഇതുരണ്ടും തെറ്റായ പദപ്രയോഗമാണ്. കായിക ചരിത്രം പരിശോധിക്കുമ്പോൾ മനുഷ്യരുടെ അതിജീവനത്തിനും സൈനിക പരിശീലനത്തിനും യുദ്ധത്തിനും ആവശ്യമായി കരുത്തുള്ളവരെ സൃഷ്ടിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. ഇവരെ സജ്ജമാക്കുവാൻ P.T എന്ന പേരിലുള്ള കായിക പരിശീലന രീതിയായിരുന്നു ഉപാധിയായി സ്വീകരിച്ചത്. അക്കാലങ്ങളിൽ പരിശീലകനെ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനരീതിയാണ് നടന്നുവന്നിരുന്നത്. കഠിനമായ ശിക്ഷാരീതികൾ ഇതിന്റെ ഭാഗമായിരുന്നു. ഇത്തരത്തിൽ സൈനികസേവനം അനുഷ്ഠിച്ചിരുന്നവർ പിൽക്കാലത്ത് വിദ്യാലയങ്ങളിൽ കായിക പരിശീലനം നൽകുന്ന ഇൻസ്ട്രക്ടർമാരായി മാറി. Physical training (P.T) ഇന്നു സ്കൂളുകളിലില്ല. സൈനിക, പോലീസ് ക്യാമ്പുകളുടെ ഭാഗം മാത്രമാണ്. വിദ്യാഭ്യാസം കൂടുതൽ സാർവത്രികമായി ശക്തിപ്പെടുകയും ശാസ്ത്രബോധവും സാമൂഹിക ചിന്താരീതികളും ജനായത്ത ദർശനങ്ങളും കൂടുതൽ വികസിക്കപ്പെട്ടതോടെ സാമൂഹിക പരിവർത്തനത്തിന്റെ ഭാഗമായി കായിക വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടും രൂപവും ക്രമേണ മാറി വരികയും ആരോഗ്യ കായികവിദ്യാഭ്യാസത്തിൽ MPED, BPED ലും ഡോക്ടറേറ്റും Net,set, K.TET എന്നീ ഉയർന്ന യോഗ്യതകൾ നേടിയ Physical Education Teacherന്റെ കരങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. Physical Education Teacher (PET) എന്നത്- Designation പേരാണ്. പിരീയിന്റെയോ വിഷയത്തിന്റെയോ പേരല്ല സ്കൂളുകളിൽ, ഇന്നു കുട്ടികൾക്കു നൽകപ്പെടുന്ന പിരീഡ് (H&PE) എന്നും Physical Education Teacher പഠിപ്പിക്കുന്ന വിഷയവും കുട്ടികൾ പഠിക്കുന്ന വിഷയവും (Subject) 'ആരോഗ്യ കായിക വിദ്യാഭ്യാസം' എന്ന പാഠപുസ്തകവുമാണ് (Health & Physical Education Activity book)

ആരോഗ്യ-കായികവിദ്യാഭ്യാസത്തിൽ ഇന്ന്5-ാം ക്ലാസ് മുതൽ 10-ാം ക്ലാസുവരെയുള്ള കുട്ടികൾക്കു പാഠപുസ്തകവും എഴുത്ത് പരീക്ഷയും പ്രായോഗിക പരീക്ഷയും മൂല്യനിർണയവുമുണ്ട് Anatomy (മനുഷ്യശരീരത്തിന്റെ പ്രവർത്തനത്തെക്കിറിച്ചുള്ള ശാസ്ത്രീയ പഠനം), Physicology(മനുഷ്യശരീരത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം), Physicology (മനുഷ്യ ശരീരത്തിന്റെ ചലനങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനം).

Biomechanis(ശരീരത്തിന്റെ ചലനങ്ങളെയും അവയെ സ്വാധീനിക്കുന്ന ബലങ്ങളെയും കുറിച്ചുള്ള ശാസ്ത്രീയമായ പഠനം). Health education (ആരോഗ്യ വിദ്യാഭ്യാസം അറിവ് വർദ്ധിപ്പിച്ച് ആരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കുന്ന പഠന പ്രവർത്തനം). Newtion Laws(ഒരു വസ്തുവിൽ അനുഭവപ്പെടുന്ന ബലങ്ങളും വസ്തുവിന്റെ ചലനങ്ങളും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്ന സർ ഐസക് ന്യൂട്ടന്റെ ഭൗതിക നിയമങ്ങൾ, Sociology (മനുഷ്യന്റെ സാമൂഹിക ജീവിതം, സാമൂഹിക മാറ്റം, സ്വഭാവം എന്നിവയെക്കുറിച്ചുള്ള പഠനം) Sports psychology(കായിക താരങ്ങളുടെ പ്രകടനം, ക്ഷേമം, പങ്കാളിത്തം, വികസനം, സാമൂഹിക വശങ്ങൾ, സാഹചര്യങ്ങൾ എന്നിവ പരിഗണിക്കുന്നതിന് മന:ശാസ്ത്രപരമായ അറിവും കഴിവുകളും ഉപയോഗിച്ചുള്ള ശാസ്ത്രീയപഠനം.) General psychology (മനുഷ്യ മനസ്സിനേയും പെരുമാറ്റത്തേയും കുറിച്ചുള്ള ശാസ്ത്രീയ പഠനം.) ഈ പറഞ്ഞ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് രൂപപ്പെടുത്തിയിട്ടുള്ളതാണ്. "ആരോഗ്യ-കായിക വിദ്യാഭ്യാസം" പാഠപുസ്തകം (Health & physical Education Text book)

ഒരു........... റുടെ പരമപ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്നു ആരോഗ്യ-കായിക വിദ്യാഭ്യാസത്തിലൂടെ ശാരീരിക, മാനസിക, സാമൂഹിക വൈകാരികവുമായി പൂർണ്ണ ആരോഗ്യമുള്ള ഒരു ഭാവി സമൂഹത്തെ സൃഷ്ടിക്കലാണ് വരും തലമുറയെ ആരോഗ്യമുള്ള പൗരന്മാരി വാർത്തെടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതിനു സ്കൂളിലെ എല്ലാവിധ സംവിധാനങ്ങളുടേയും, ആളുകളുടേയും പൂർണ്ണ പിന്തുണ ആവശ്യമാണ്.

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം :**

**പേര് :**

**മേഖല : ആരോഗ്യ-കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്കും രക്ഷിതാക്കൾക്കും കായികപഠനം കൊണ്ടുള്ള നേട്ടങ്ങൾ ബോധ്യപ്പെടുത്തൽ | 1. സമ്മർ കോച്ചിംഗ് ക്യാമ്പ്: തൊട്ടടുത്തുള്ള സ്കൂളിൽ നിന്ന് (5,6,7 ക്ലാസ്) (8-12) പഠിക്കുന്ന കുട്ടികൾക്കായി അത്‌ലറ്റിക്സ് ഗെയിംസ് കോച്ചിംങ്ങ്. ആരംഭ ഘട്ടത്തിൽ അത്‌ലറ്റിക്സിനും വോളിബോളിനും മുൻഗണന. രാവിലെയും വൈകുന്നേരവുമാണ് പരിശീലനം എങ്കിൽ താമസ സൗകര്യം, ഭക്ഷണം ഇവകൂടി പരിഗണിക്കണം. നടത്തിപ്പിനായി സ്പോർട്സ് സെലക്ഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ കമ്മിറ്റിക്ക് രൂപം നൽകണം. | വേനലവധി | Sports committee/ SRG | PTA/ Manage-ment<br>1,00,000 |
| | 2) സ്കൂൾ സ്പോർട്സ് ക്ലബ്ബ് സബ്ജില്ല, ജില്ല, സംസ്ഥാന, ദേശീയ മേഖലയിൽ വിജയിച്ചവർക്ക് മാത്രം മെമ്പർഷിപ്പ്. തുടങ്ങിയിട്ട് രണ്ടര വർഷമായി. എല്ലാവർഷവും ഉന്നത വിജയം നേടുന്നവർക്ക് മോട്ടിവേഷൻ ഗിഫ്റ്റ് നൽകിവരുന്നു. പുതിയ അധ്യയനവർ Sports coaching awareness class for parents & students എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കുന്നു. | വർഷം തോറും | Sports club/ Sports teacher | 10,000 |
| | 3) Sports training (one year) അത്‌ലറ്റിക്സ് മീറ്റ് നടത്താനും പരിശീലനത്തിനുള്ള സൗകര്യം കുറവായതിനാൽ കോളിയടുക്കം പോലുള്ള സ്റ്റാൻഡേർഡ് ട്രാക്കിൽ പരിശീലനം (400 മീറ്റർ) സമയം 3pm - 5.30 pm<br>Bus fare, food, medical charge, coaching charge etc | ഒരു വർഷം | Sports teacher/ SRG | 1,00,000 |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം :**

**പേര് :**

**മേഖല : ആരോഗ്യ-കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 4) സ്പോർട്സ് റൂം അറേഞ്ച്മെന്റ്<br>വിശാലമായ മുറി<br>വലിയ അലമാര - 1<br>ലാപ് - 1<br>പ്രിന്റർ - 1 | ഒരു വർഷം | Sports Club/ SRG | 1,00,000 |
| | 5) സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻ<br>Athletic equipments<br>Games Equipments<br>Weight training equipments (Gym) | ഒരു വർഷം | Sports Club/ SRG | 75,000 |
| കുട്ടികളുടെ കായികക്ഷമത<br><br>വിവിധ ഗെയിമുകളുടെ നൈപുണ്യം വർദ്ധിപ്പിക്കുക. | 6) കാലാവാസനയുടെ വ്യതിയാനം അനുസരിച്ച്, താപനിലയുടെ തീവ്രതയനുസരിച്ചും ദൈനംദിന ആരോഗ്യകായിക വിദ്യാഭ്യാസം ടൈംടേബിളിൽ ക്രമീകരണം വരുത്തികൊണ്ടു തീവ്രമായ ചൂടുള്ള സമയത്തും മഴയത്തും ഇൻഡോർ ഇടങ്ങളിൽ മാത്രം കായിക പ്രവർത്തനങ്ങളിൽ കുട്ടികളെ വ്യാപൃതരാക്കാൻ കഴിയുന്ന Valley ball, Weight training, Hand ball, Shuttle bad-minton, Kabadi, Football, basket ball ടോന്നിക്കോയ് നെറ്റ്അ ബോൾ, കോർഫ് ബോൾ, ജിംനാസ്റ്റിക്സ് എന്നി ഗെയിംസും സ്കൂൾ അസംബ്ലിയും നടത്താൻ കഴിയുന്ന അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു ഇൻഡോർ സ്റ്റേഡിയം | 2-3 വർഷം | Sports Club/ SRG | 5,00,000 |

**അക്കാദമിക് മാസ്റ്റർ പ്ലാൻ** **വിഷയം :**

**പേര് :**

**മേഖല : ആരോഗ്യ-കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഇതിൽ സ്പോർട്സ് റൂമിനും equipmentനും ഇൻഡോർ സ്റ്റേഡിയത്തിനും ആയി വരുന്നതും 6,85,000 രൂപയാണ്<br><br>പ്രതിവർഷം അത്‌ലറ്റിക്സിനും ഗയിംസ് പരിശീലനത്തിനുമായി നീക്കി വയ്ക്കേണ്ടത് ബാക്കിവരുന്ന 1,00,000 മാത്രമാണ് | | | 8,85,000 |